ആർ2/112854/09 കോ.വി വ

കോളേജ് വിദ്യാഭ്യാസ വകുപ്പ്( അനക്സ്),
തിരുവനന്തപുരം.
തീയതി: 10 /08/2009

# വിജ്ഞാപനം

*വിഷയം:- മൗലാന ആസദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ സ്കോളർഷിപ്പും, സർക്കാരിതര സ്ഥാപനങ്ങൾ ക്കുള്ള ധനസഹായ പദ്ധതിയും- അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.*

*സൂചന:-25773/സി2/09 ഉ.വി.വ നമ്പരായുള്ള 29/7/09 ലെ സർക്കാർ കത്ത്*

കേന്ദ്ര സർക്കാരിന്റെ സാമ്പത്തികസഹായത്തോടെ പ്രവർത്തിക്കുന്ന മൗലന ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മൗലാന ആസാദ് നാഷണൽ സ്കോളർഷിപ്പ് സ്കീമിനായും സർക്കാരിതര സ്ഥാപനങ്ങളിലേക്കുള്ള ധന സഹായപദ്ധതിക്കായും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

2009-10 അധ്യായന വർഷത്തിൽപ്രവേശനം നേടിയ **ന്യൂനപക്ഷസമുദായങ്ങളിൽപ്പെട്ട (കേരളത്തിൽ മുസ്ലീം/ക്രിസ്ത്യൻ) മിടുക്കരായ പെൺ കുട്ടികൾക്ക്** പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാം.

**55% മാർക്കോടുകൂടി SSLC /തത്തുല്യ പരീക്ഷവിജയിച്ചവർക്കും** രക്ഷകർത്താവിന്റെ വാർഷിക വരുമാനം **100000/-(ഒരു ലക്ഷം) രൂപയിൽ കവിയാത്തവർക്കും** സ്കോളർഷിപ്പിനു അപേക്ഷിക്കാം. XI, XII ക്ലാസ്സുകളിലേയ്ക്കായി പ്രതിവർഷം 6000/രൂപാവീതം ആകെ12000/- രൂപ സ്കോളർഷിപ്പ് തുകയായി ലഭിക്കും.

**പൂരിപ്പിച്ച അപേക്ഷകൾ അപേക്ഷക** പഠിക്കുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പാളിന്റെ ശുപാർശകത്തും, വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും സഹിതം **ആഗസ്റ്റ് 31 നകം** കിട്ടത്തക്കവണ്ണം താഴെ പറയുന്ന അഡ്രസ്സിലയച്ചുകൊടുക്കേണ്ടതാണ്. മറ്റു സ്കോളർഷിപ്പുകൾ വാങ്ങുന്ന വിദ്യാർത്ഥിനികൾ ഈ സ്കോളർഷിപ്പിനു അപേക്ഷിക്കാൻ പാടില്ല.

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രാമുഖ്യമുള്ള പ്രദേശങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ സജ്ജീകരണങ്ങൾക്കും അനുബന്ധസൗകര്യങ്ങളും സജ്ജമാക്കി നൽകുന്നതിനുള്ള ധനസഹായപദ്ധതിയിലേയ്ക്ക് സർക്കാരിതര സംഘടനകളിൽ നിന്നും ടി ഫൗണ്ടേഷൻ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.അവശ്യ സൗകര്യങ്ങൾ ലഭ്യമല്ലാത്ത എലിമെന്ററി സ്കൂളുകൾ, സീനിയർ സെക്കണ്ടറി സ്കൂളുകൾ, ജൂനിയർ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ പ്രൊഫഷണൽ, വൊക്കേഷണൽ സ്ഥാപനങ്ങൾ എന്നിവയിലേക്കാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടത്.
വിശദ വിവരങ്ങളും അപേക്ഷാഫാറങ്ങളും

**www.maef.nic.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. സർക്കാരിതര സ്ഥാപനങ്ങൾക്കായുള്ള ധന സഹായ പദ്ധതിക്കായി അപേക്ഷ ലഭ്യമാക്കേണ്ട അവസാന തീയതി 30/09/2009.
അപേക്ഷകൾ അയക്കേണ്ട വിലാസം

**MAULANA AZAD EDUCATION FOUNDATION,**
**(Ministry of Minority affairs, Government of India),**
**Social Service Justice Centre, Chemsford Road,New Delhi 110055,**
**Phone 011-23583788, 23583789**
**Fax 011-23561945**

DIRECTORATE OF HIGHER SECONDARY EDUCATION
Thiruvananthapuram
Date

Endt. No/Acd/SPC/2/32895/HSE/2008 dt 16.9.09.

Copy communicated to the Principals of all Higher Secondary schools for information & necessary action

for Director